LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം

323 (327) ശ്രീ. ടി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു വിഭാഗം ജീവനക്കാർ പെൻഷൻ പ്രായം ഉയർത്തണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ നൽകിയ ഹർജി പരിഗണിക്കവെ സർക്കാർ അഭിഭാഷകനും കെ.എസ്.ആർ.ടി.സി.യുടെ അഭിഭാഷകനും മൗനം പാലിച്ചതിനാൽ ഹർജിക്കാർക്ക് അനുകൂലമായ കോടതി ഉത്തരവ് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പെൻഷൻ പ്രായം ഉയർത്തുന്ന നിലപാട് സ്വീകരിക്കുന്നത് ഉദ്യോഗാർത്ഥികൾക്ക് കനത്ത പ്രഹരമാകുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടില്ല.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ അഭിഭാഷകൻ കെ.എസ്.ആർ.ടി.സി.യുടെ ഭാഗം ബഹുമാനപ്പെട്ട കോടതിയെ ബോദ്ധ്യപ്പെടുത്തിയതായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) എതിർ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ബസ് ചാർജ്ജ് വർദ്ധനവ്

324 (328) ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര തവണ സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ബസ് ചാർജ്ജ് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ ;

(സി) ഓരോ തവണയും ബസ് ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായ സാമ്പത്തിക നേട്ടം വിശദമാക്കാമോ ;

(ഡി) ചാർജ്ജ് വർദ്ധിപ്പിച്ചിട്ടും കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കാമോ ?